സമിതികളെയും സാമൂഹ്യ പ്രവർത്തകരെയും പ്രാദേശിക സംഘാടനത്തിൽ സഹകരിപ്പിക്കാറുണ്ട്.

ഭാഷ, സംസ്കാരം, കല എന്നീ ഇടങ്ങളെ മുൻനിർത്തിയുള്ള സർഗ്ഗാത്മക പ്രവർത്തനങ്ങളാണ് അതത് ദേശങ്ങളുടെ സവിശേഷതകൾ തിരിച്ചറിഞ്ഞ് നടത്തി വരാറുള്ളത്.

(സി) 2017-18 ൽ ജില്ലാതലത്തിൽ സംഘടിപ്പിച്ച സാംസ്കാരിക പരിപാടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ഓരോ സാംസ്കാരിക പരിപാടികളുടെയും രൂപകൽപ്പനയും സവിശേഷതകൾക്കും അനുസരിച്ചാണ് ചെലവുകൾ ക്രമീകരിക്കുന്നത്. പൊതുവെ ജനകീയ ശൈലിയിൽ ചെലവ് ചുരുക്കിയാണ് ഭാരത് ഭവന്റെ സാംസ്കാരിക പരിപാടികൾ മുന്നോട്ട് നീങ്ങുന്നത്. ഇതുവരെ 10,000 രൂപ മുതൽ 3 ലക്ഷം രൂപ വരെ വിനിയോഗിക്കുന്ന പരിപാടികൾ ടൂറിസം വകുപ്പ്, വ്യവസായ വകുപ്പ്, പി.ആർ.ഡി., ആർക്കിയോളജി, ആർക്കൈവ്സ്, നോർക്ക തുടങ്ങിയ വകുപ്പുകൾക്കുവേണ്ടി ഏറെ ശ്രദ്ധേയങ്ങളായ സാംസ്കാരികോത്സവങ്ങൾ ബഹുജന പങ്കാളിത്തത്തോടെ ഭാരത് ഭവൻ നിർവ്വഹിച്ചിട്ടുണ്ട്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2018 മാർച്ച് 3 മുതൽ 6 വരെ തീയതികളിൽ സംഘടിപ്പിക്കാനിരുന്ന ബഹുഭാഷാ സർഗ്ഗോത്സവത്തിൽ പങ്കെടുക്കാൻ ശ്രീ. സി. വി. ബാലകൃഷ്ണൻ അസൗകര്യം അറിയിച്ചിരുന്നു. എന്നാൽ വിപുലമായ രീതിയിൽ സംഘടിപ്പിക്കുന്നതിനുവേണ്ടി ഏപ്രിൽ 7 മുതൽ 10 വരെയുള്ള തീയതികളിലേക്ക് ഈ സർഗ്ഗോത്സവം മാറ്റിവയ്ക്കുകയുണ്ടായി. പ്രസ്തുത സർഗ്ഗോത്സവത്തിൽ ടിയാൻ പങ്കെടുക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്.

**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സിന്റെ പ്രവർത്തനങ്ങൾ**

108 (2293) ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. എൻ .എ. നെല്ലിക്കുന്ന്:
ശ്രീ. പി. ഉബൈദുള്ള:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന്റെ പ്രവർത്തനം കോളേജ് തലത്തിലേക്ക് വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനത്തിൽ മികവു കാട്ടുന്ന കുട്ടികൾക്ക് എന്തെല്ലാം പ്രോത്സാഹനമാണ് നൽകിവരുന്നത്;

(ഡി) ഇവർക്ക് ഗ്രേസ് മാർക്ക് നൽകുന്ന കാര്യം പരിശോധിക്കുമോ?

ഉത്തരം

(എ) പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് ജനാധിപത്യ മതേതര മൂല്യങ്ങൾ ശക്തിപ്പെടുത്തുന്നതിനായി വിവിധ കർമ്മ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികൾക്കായി നിലവിൽ സെമിനാറുകൾ, യൂത്ത് പാർലമെന്റ് മത്സരം, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ്, ഉപന്യാസം/ക്വിസ്/പ്രസംഗ മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ചുവരുന്നു. ജേർണൽ ഓഫ് പാർലമെന്ററി സ്റ്റഡീസ് തുടങ്ങി വിവിധ പുസ്തകങ്ങളും പ്രസിദ്ധീകരിക്കുന്നുണ്ട്. കോളേജ് വിദ്യാർത്ഥികൾക്കായി സെമിനാർ കൂടാതെ ഉപന്യാസം/ക്വിസ്/പ്രസംഗം എന്നീ മത്സരങ്ങളും നടത്തിവരുന്നു.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) മികവ് കാട്ടുന്ന കുട്ടികൾക്ക് സംസ്ഥാനതല ക്യാമ്പ്, സർട്ടിഫിക്കറ്റ്, ക്യാഷ് പ്രൈസ്, ട്രോഫി എന്നിവ നൽകുന്നു. യൂത്ത് പാർലമെന്റ് മത്സരത്തിൽ ജേതാക്കളായ സ്കൂളിന്റെ റിപ്പീറ്റ് പെർഫോമൻസ് പൊതുഭരണ സെക്രട്ടേറിയറ്റിലെ പഴയ നിയമസഭാ ഹാളിൽ വച്ച് നടത്തുന്നുണ്ട്.

(ഡി) നിലവിൽ പരിഗണനയിലില്ല.

**വനം മ്യൂസിയവും ഫോറസ്റ്റ് സ്റ്റേഷനുകളും സ്ഥാപിക്കുന്ന നടപടി**

109 (2294) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. എൽദോ എബ്രഹാം:
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം മ്യൂസിയം സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയാണ് സ്ഥാപിക്കുന്നത് എന്നറിയിക്കുമോ;